# ഇ-ബൈറ്റ്സ്

little KITEs

## സെന്റ് തോമസ് ഹൈസ്ക്രൂൾ പുന്നയാർ

# ദൈവമേ ...........

മന്ദാരപ്പൂവിലും മഞ്ഞിൻകണത്തിലും
ചന്തം ചൊരിയുന്ന ചാരുമൂർത്തേ
മൺതരിക്കുള്ളിലും മാമലകളിലും
സ്പന്ദനം കൊള്ളുന്ന ചാരുസത്തേ
.......
ചിന്തയിൽ വക്കിൽ
പ്രവർത്തിയിലൊക്കയും
ചിന്തണേ നന്മതൻ
തുവെളിച്ചം ........

- നന്ദന ഗിരീഷ്



സെന്റ് തോമസ്
ഹൈസ്കൂളിലെ
ലിറ്റിൽ
കൈറ്റ്സിന്റെ
ഈ എളിയശ്രമം
നിങ്ങളുടെ
ഏവരുടെയും
അനുഗ്രഹാശിസു
കൾക്കായി
സാദരം
സമർപ്പിക്കുന്നു

# അണിയറയിൽ


നന്ദന ഗിരീഷ്



അൻ മരിയ ജെയ്സൺ


നന്ദന ജോസഫ്


ജൂബിറ്റ് ബോബി


ശ്രേയ ജിജോ


സോജിൻ സജി


ബെൻ ജേക്കബ് മനോജ്


അതുൽ ലാലിച്ചൻ

# ആശംസ

ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരേ...
നിങ്ങളുടെ സർഗ്ഗവാസനകൾ പ്രദർശിപ്പിക്കുവാൻ ഒരു ഡിജിറ്റൽ മാസിക തയ്യാറാക്കുന്നതായി അറിഞ്ഞു. അധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾ അനുകൂലമായി വിലയിരുത്തുമ്പോൾ സ്നേഹം ചോർന്നുപോയി വരണ്ടുണങ്ങിയ തരിശുനിലങ്ങളായി മാറികോണ്ടിരിക്കുന്നു.നിങ്ങളുടെ മാസികയിടെ ഇതിവൃത്തങ്ങളിൽ ഈ പ്രശ്നം വളരെ ഗൗരവപൂർവ്വമായി കൈകാര്യം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എല്ലാ ആശംസകളും നേരുന്നു



ജോർജ്ജ് എം.ടി
ഹെഡ്മാസ്ററർ

സ്നേഹത്തോടും കരുതലോടും
ഞങ്ങൾക്ക് മാർഗ നിർദേശങ്ങൾ
നൽകി നയിക്കുന്ന ഞങ്ങളുടെ
മാനേജരച്ചൻ



റെവ ഫാ സെബാൻ മേലാട്ട്

ആശംസ...

ആധുനിക സങ്കേതങ്ങൾ നൽകുന്ന സാധ്യതകളെ പ്രയോജനപ്പെടുത്തി കുട്ടികളിലെ സർഗാത്മക ചോദനകൾ ഉണർത്താൻ ഈ -ബൈറ്റ്സിന് കഴിയട്ടെ.ആധുനികതയുടെ ആകസ്മികതയിൽ അഭിരമിക്കാതെ സ്വതന്ത്രമായ വഴിതേടി വൈയക്തികവും, സാമൂഹികവുമായ അടയാളങ്ങൾ പതിപ്പിച്ച് ജീവിക്കാനും സ്വന്തം ജീവിതം തന്നെ നന്മയുടെ പൂമരങ്ങായി മാറാനും കഴിയട്ടെ എന്നാശംസിക്കുന്നു.

- റിജി ജോർജ്ജ്



പ്രിയപ്പെട്ട കൂട്ടുകാരെ,
യന്ത്രവത്കരണത്തിന്റെ ഈ നാളുകളിൽ മാനുഷികബന്ധങ്ങളും യാന്ത്രികമായിത്തീർന്ന ഈ കാലഘട്ടത്തിൽ മാനവികതയുടെയും കരതീർന്ന സൗഹൃദങ്ങളുടെയും നല്ല മണിമുത്തുകൾ ഞങ്ങൾ നിങ്ങൾക്ക് മുൻപിൽ ഈ ഡിജിറ്റൽ മാഗസിനിലൂടെ അവതരിപ്പിക്കുന്നു.കുട്ടികളിലെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും മൂല്യബോധമുണ്ടാക്കുന്നതിനും ഈ മാഗസിൻ സഹായിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.



ആൻ മരിയ ജൈയ്സൺ
എഡിറ്റർ

# ഉള്ളടക്കം


ആശംസകൾ...

ആദ്യകിരണങ്ങൾ.... അഖില റെയ്സൺ

ഒന്നാം പ്രളയം........ ആഷ്ലി സാലു

ചിത്രം.... ആൽബിൻ ജോൺ

എൻറെ കേരളം....... മേഘന റെജി

മൗനസ്നേഹം..... നന്ദന ജോസഫ്

വിദ്യാലയം... നന്ദന ഗിരീഷ്

ചിത്രം... ബിൽബിൻ ജോസ്

തോൽക്കാത്ത മനസ്സ്.... അലോഷ് എ.എസ്

അമ്മ .. . ജോസിന ജോസ്

ചിത്രം.... ശ്രുതി ഗായത്രി

ഇഷ്ടതോഴൻ... ഫെബിൻ മനോജ്

പ്രകൃതി.. മേഘന റെജി

ഓർമ്മയുടെ നിഴൽ............ ആഷ്ലിൻ

ചിത്രം ആൻമരിയ

പനിനീർപ്പൂ.................... അനീന സണ്ണി

എല്ലുമുറിയെ പണിയെടുത്താൽ.. സോജിൻ സജി

പുഴയുടെ കണ്ണുനീർ... അനിറ്റ ഷിബു

ഉരുളൻകല്ലുകൾ... അഖില

വഴിതെറ്റുന്ന ബാല്യങ്ങൾ ബെൻ ജേക്കബ്

നിലാവെ നിനക്കായ്..... നന്ദന ജോസഫ്

പരിസ്ഥിതി മലിനീകരണം ശ്രേയ ജിജോ

| | |
|---|---|
| **ചങ്ങാതി....** | **നന്ദന ജോസഫ്** |
| **ചിത്രം** | **അനുമോൾ ഷാജി** |
| **ജീവിതം അനന്തമായ യാത്ര ............** | **നന്ദന ജോസഫ്** |
| **അമ്മയാംപ്രകൃതി......** | **ജെയ്സ് ജോസഫ്** |
| **ആരും ആശ്രയമില്ലാത്തവർ.......** | **ടോണി മാത്യു** |
| **കവിത......** | **ജെസൽ ജിജിൻചിത്രം** |
| **ശ്രുതി ഗായത്രി** | |
| **വായനാദിനം** | **ഹരിതകൃഷ്ണൻ** |
| **മാതൃഭാഷാമൃതം....** | **അനിറ്റമോൾ** |
| **വിദ്യാലയം** | **ജുബിറ്റ് ബോബി** |
| **ശിശുദിനം** | **ഗൗരി നന്ദന** |
| കവിത...... | ജെസല് ജിജിൻ |

# ആദിത്യകിരണങ്ങൾ

മുത്തുപോലുള്ളൊരു തുഷാരം
ഇന്നീ പ്രഭാതമാംതിരുമുറ്റത്തിൽ
എളിമയോടെ നിൽക്കുന്നിതാ
ആദിത്യകിരണങ്ങൾ വരവേൽക്കുവാൻ.

പുതിയപുലരിതൻ വിരിമാറിൽ
ഉല്ലാസഭരിതയായിസൂര്യകിരണങ്ങൾ
വന്നണയുമ്പോഴിതാ എന്നുള്ളിൽ
നന്മതൻ കിരണങ്ങൾ വന്നണയുന്നു.

പ്രഭാതത്തിൽ വന്നണയുകയും
പ്രദോഷത്തിൽ നിദ്രയിലേക്കാഴുകയും
ചെയ്യുന്ന സൂര്യന്റെ നന്മയാം
കിരണങ്ങൾ നമ്മുടെയുള്ളിൽ
നിദ്രയിലേക്കാഴാതെ
സൂക്ഷിക്കുവിൻ...



- അഖില റെയ്സൺ

# ഒന്നാം പ്രളയം

അലതല്ലിയൊഴുകുന്ന നദിയുടെ നാദം
താണ്ഡവമാടുന്ന കടലിന്റെ ശാപം
കനിയുന്ന ധരണിതൻ നിലക്കുന്ന കാലങ്ങൾ
മണ്ണും മനുഷ്യനും വേർപെട്ടുപോയി
ഇന്ന് കരയും കടലുകളപഹരിച്ചു
മണ്ണിനുടമയാം നദിയതു ചേർത്തെടുത്തു
മനുഷ്യന് മണ്ണിനു വേണ്ടാതായി
എന്നാൽ ജലത്തിന് മണ്ണിനു വേണമെന്നായി
കലകളാരവത്തോടെ ഒഴുകിയ ചെറുനദി
പകതൻ കയങ്ങൾ സൃഷ്ടിച്ചുവോ?
നീന്തിത്തുടിക്കാൻ മടിച്ചു നിന്നീടുമ്പോൾ
കരയിൽ കയറി വലിക്കുന്നുവോ?
തോടുകൾ തൊടിതോറും നദിയായി മാറുന്നു
നദിയോ കടൽപോലെയായിടുന്നു
വേനലിൽ ശാപങ്ങൾ അങ്ങുമിങ്ങും
ഒരുമഴത്തുള്ളിയായി പെയ്തിടുന്നു
ചെറുവഞ്ചിയോരോന്നും കടലിലൂടൊഴുകുന്നു
കരയെവിടെന്നറിയാതെ നിന്നു.
മണ്ണില്ല വേരില്ല മനുഷ്യനുമില്ല
ഭൂമിയെ താങ്ങി ജലമുയർന്നു
ഇന്ന് സൗധങ്ങൾ മൂടി ജലമുയർന്നു
കൂറ്റൻ സൗധങ്ങൾ മൂടി ജലമുയർന്ന



ആഷ്ലി സാലു



- അൽബിൻ ജോൺ

# എന്റെ കേരളം

കേരളം ..................കേരളം ...............
പരശുരാമൻ മഴുവാൽ  പിറന്ന കേരളം
കേരവൃക്ഷങ്ങളാൽ നിറഞ്ഞ കേരളം
പുഴകളാൽ ,നദികളാൽ നിറഞ്ഞ കേരളം
ദൈവത്തിന്റെ സ്വന്തം നാടായ കേരളം
പച്ചപ്പട്ടു വിരിച്ച നിൽക്കുന്ന കേരളം
നെല്പാടങ്ങളും വയലോരങ്ങളും
തിങ്ങി നില്ക്കുമെൻ  കേരളം
മാവേലിത്തമ്പുരാൻ  വാണ കേരളം
മലയാള ഭാഷയാൽ നിറഞ്ഞ കേരളം
കളകളം പാടുന്ന നദിയും ആ .......
നദിയിൽ പിറക്കുന്ന ജലകണങ്ങളും
രക്ഷകനായ വന്ന സാഹ്യനമുള്ള
കേരളം
മലയാളികളാൽ നിറഞ്ഞ എന്റെ
കേരളം
താഴെ മർത്ത്യ ജന്മങ്ങളാൽ എന്റെ
നാടായ കേരളം .............



മേഘന റെജി

# മൗന സ്നേഹം

മൂകമാം എന്നുടെ പകലുകളിൽ
അഴകേ ഞാൻ നിന്നെ കാണുവാൻ കൊതിച്ചു
ഒരു കുളിർ കാറ്റായ്  എന്നരികിലെത്തുവാൻ
വെറുതെ നെയ്തു ഞാൻ ഒരു പിടി സ്വപ്നങ്ങൾ

മിഴിനീരിലെന്റെ  കണ്ണുകൾ നിറയുമ്പോൾ
സ്വാന്തനവുമായി എന്നരികിൽ വന്നുനിന്നു നീ
സ്നേഹിച്ചു ഒരുപാട് സ്നേഹിച്ചു
ഞാൻ നിന്നെ എൻ സ്വന്തം

സഹോദരനെപോല്ലേ
മയങ്ങി നിന്നോടുള്ള സ്നേഹം മാനസ്സം
പുസ്തകത്താളുകളിൽ
*അറിയും ഒരിക്കൽ നീ എൻ*
*മൗനസ്നേഹം*



- നന്ദന ജോസഫ്


# വിദ്യാലയം

വിദ്യാലയമൊരു പൂവാടി
വിദ്യാർത്ഥികളുടെ പൂവാടി
വിദ്യകൾ പൂവിട്ടും പൂവിട്ടും
വാനം കവർന്നിട്ടും പൂവാടി...

വിദ്യാലയമൊരു അക്ഷരമുറ്റം
അദ്ധ്യാപകരതിൽ കാവൽക്കാർ
പൂമ്പാറ്റകളാം വിദ്യാർത്ഥികൾ
തേൻനുകരാനായി പൂന്തോട്ടത്തിൽ...



- നന്ദന ഗിരീഷ്



ബിൽബിൻ ജോസ്

# തോൽക്കാത്ത മനസ്സ്

ദീനാനാഥ് എന്ന ഗുരുവിന്റെ കീഴിൽ അസ്ത്രവിദ്യ അഭ്യസിക്കുകയായിരുന്നു രാജകുമാരന്മാരായ വിനീതനും സുധീരനും.ഒരിക്കൽ ഗുരു പറഞ്ഞു: ഈ ഗ്രാമത്തിൽ കൃഷി നശിപ്പിക്കുന്ന ഒരു കാട്ടുപന്നിയുണ്ട്. അതിന്റെ ശല്യം അവസാനിപ്പിക്കണം.
രാജകുമാരന്മാർ പന്തം കത്തിച്ചു കൃഷി സ്ഥലത്തു രാത്രി മുഴുവൻ ചുറ്റിനടന്നു.പക്ഷെ കാട്ടുപന്നിയെ കണ്ടില്ല. പെട്ടെന്ന് നല്ല മഴ പെയ്യാൻ തുടങ്ങി.പന്തം കെട്ടു.ചുറ്റും ഇരുട്ട് മാത്രം.
"ഞാൻ പോയി ഉറങ്ങട്ടെ".ഈ മഴയത്ത് ഒരു ചുണ്ടെലിപോലും പുറത്തിറങ്ങില്ല.അതും പറഞ്ഞു വിനീതൻ പോയി.സുധീരൻ കൃഷിയിടത്തിൽ തന്നെ നിന്നു.
പിറ്റേന്ന് ഗുരുവും ഗ്രാമവാസികളും വന്നുനോക്കുമ്പോൾ അതാ കാട്ടുപന്നി അമ്പേറ്റ് കിടക്കുന്നു.
"ഇരുട്ടിൽ എങ്ങനെ ലക്ഷ്യം തെറ്റാതെ അമ്പെയ്തു? വിനീതൻ ചോദിച്ചു.
"അമ്പെയ്തത് ഇരുട്ടിലല്ല,മിന്നലിന്റെ വെളിച്ചത്തിലാണ് ......."സുധീരൻ പറഞ്ഞു.
ഇതുകേട്ട് ഗുരു പറഞ്ഞു,
"പ്രതിസന്ധികൾ വരുമ്പോൾ തളരാത്തവർക്കേ ലക്ഷ്യം നേടാൻ കഴിയൂ".

അലോഷ് എ.എസ്
10 സി

# അമ്മ

അമ്മയുടെ തണലിൽ
കഴിയാനാഗ്രഹിക്കുന്ന മക്കളല്ലോ നാമെല്ലാം

ജനിച്ച നാൾ മുതൽ
കണ്ണുന്നതാ മുഖം അമ്മയുടേതല്ലോ

അമ്മ നമ്മുക്ക് ജീവൻ നൽകാൻ
വേണ്ടി സഹിച്ച വേദനയെത്രേയോ അസഹനീയം

ആദ്യക്ഷരം നാവിൽ
വിളങ്ങിയത് അമ്മയുടേതല്ലോ .........
ആ അമ്മയല്ലോ നമ്മുടെ
ജീവിതത്തിനർത്ഥമേകിയത്



**ജോസ്‌ന ജോസ്**
**9 സി**



# മഞ്ഞുകാലത്തിൻ ഓർമയ്ക്കായി

ഒരു ഞാൻ അവനെ കണ്ടത് വസന്തത്തിന്റെ
നിലവിലായിരുന്നോ.....? അറിയില്ല .......................
അതോ മഞ്ഞുമൂടിയ ഒരു സായാഹ്നത്തിലോ .........?
എനിക്കോർമ്മയില്ല ..............
പക്ഷെ ഒന്നോർമ്മയുണ്ട് ...

അവന്റെ കയ്യിൽ ഒരു ചുവന്ന ബോൾ ഉണ്ടായിരുന്നു .അവൻ ഇരുന്നിരുന്നിടത്തു ഒരു സ്ട്രീറ്റ് ലൈറ്റിന്റെ വെളിച്ചത്തിൽ അവന്റെ മുഖം ചുമന്നിരിക്കുന്നതായി തോന്നി .അവനെ ഓരോ നോക്കു കാണുമ്പോഴും ജന്മാന്തരങ്ങൾ ഒരായിരംവസന്തങ്ങിലേയ്ക്കും ഒരായിരം ശിശിരങ്ങളിലേയ്ക്കും എന്നെ തിരിച്ചു കൊണ്ടുപോകുന്നു .അവന്റെ ചിരിയും തമാശയും ,ആ കളികൾ പോലും എത്ര മനോഹരാണ് നിന്നെ ഒരുനോക്കു കാണുമ്പോഴും ഞാൻ സ്വകാര്യമായി മന്ത്രിക്കാറുള്ളത് എന്താണെന്ന് നീ അറിഞ്ഞിരുന്നുവൊ .....?ഇല്ല നിനക്കറിയില്ല .നീ അറിഞ്ഞിരുന്നുവെങ്കിലോ ...? ക്രിക്കറ്റിനേയും നൃത്തത്തിനേയും സ്നേഹിച്ച നിന്നിൽ നിന്ന് ഞാൻ എന്തൊക്കെയോ പ്രതീക്ഷിച്ചിരുന്നു എന്നെങ്കിലുമൊരിക്കൽ നഷ്ടമാകുമെന്നറിഞ്ഞിട്ടും മനസ്സിൽ സൂക്ഷിച്ച മഞ്ഞിൻ കണമായിരുന്നു നീയെനിക്ക് .ഈ ഭൂമിയുടെ രണ്ടറ്റങ്ങളിലേക്കുമായി നമ്മേ വേർപാടിന്റെ നിശ്ശബ്ദതയിലേക്കു പരസ്പരം വാക്കുകൾ ശപിക്കുമ്പോൾ സ്വപ്നത്തിൽ ഞാൻ നിന്നോട് പറയും ..........

"എന്റെ സ്നേഹം ജന്മാന്തരങ്ങളിലേക്കു ആവർത്തിക്കും പക്ഷെ ഒരു സഹോദരിക്ക് തന്റെ സഹോദരനോടുള്ള സ്നേഹം പോലെ.

**- നന്ദന ജോസഫ്**

# ഇഷ്ടതോഴൻ

ഒരു നിമിഷം തിരിഞ്ഞൊന്നു നടക്കട്ടെ
എൻ ബാല്യകാല പാതയിൽ
മേനിയാകെ തണുപ്പിക്കും രാത്രിതൻ മഴയിൽ
കേട്ടു ഞാൻ എൻ കാതികളിൽ
അമ്മതൻ പതിവു നാദം
പടിഞ്ഞാറസ്തമിച്ചു സൂര്യ ശോഭ
കിഴക്ക് ശോഭ്ച്ചു വന്നിട്ടെത്ര നേരമായെൻ മകനെ
പുത്തൻ പ്രതീക്ഷയേകും പ്രഭാതം
പൊട്ടിവിടർന്നതു നീയറിഞ്ഞില്ലേ
കിഴക്കേ അമ്പലനടയിൽ നിന്ന് ഉതിർത്ത്
എൻ കാതുകളിലയച്ചു സുപ്രഭാതധ്വനികൾ
എന്നിട്ടും ഞാനള്ളയിട്ട പുതപ്പിനടിയിൽ
കാലചക്രത്തിൽ  മറയപ്പെട്ട ദിനരാത്രങ്ങൾ
ഓരോന്നായ് കഴിഞ്ഞു പോകവേ
നീങ്ങി ഞാനും കാലത്തിനൊപ്പം
വന്നു പുതുമണമേന്ദിയെൻ ഇഷ്ടതോഴൻ
എൻ അദ്ധ്യായന വർഷംകഴിഞ്ഞിൻ
അവനെ തഴുകി പ്രണയിച്ച നിശയുടെ
നിശ്ബദയിൽ അവനിൽ ഭാവഭേതം
വന്നതു ഞൊനറിഞ്ഞില്ല
ഞെട്ടിഉണർന്ന രാവിൽ ഒന്നു ഞാനറിഞ്ഞതാ
എന്നിൽ നിന്നും പലതും കവർന്നെടുത്തുപോയി
കണ്ടു ഞാൻ അവന്റെ കലയുടെ ശേഷിപ്പുകൾ
എന്നിട്ടും ഞാൻ എന്നോട് ചോദിച്ചു
ഇന്നും അവൻ നിൻ ഇഷ്ടതോഴനല്ലേ
പലതും എന്നെ പഠിപ്പിച്ച തോഴനെ
മുന്നേറാം നമുക്ക് ഒന്നായ്...........

- ഫെബിൻ മനോജ്



# പ്രകൃതി

പ്രകൃതി എന്നു കേൾക്കുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ ഓർക്കുന്നത് പരിശുദ്ധമായ കാറ്റും,ഹരിതഭംഗിയും, ചെറുപുഴയും,മലയും,അരുവിയും അങ്ങനെ പറഞ്ഞുതീർക്കാൻ പാറ്റാത്തത്ര മനോഹരിതമാണ്. പച്ചപ്പട്ടു വിരിച്ച  പാടത്തെ നെൽക്കതിരുകൾ തിന്നാൻ എത്തുന്ന പക്ഷികൾ  -തത്തയും,പ്രാവും,കൊക്കും അവ നെൽ കതിരുകൾ തിന്നുന്ന കാഴ്ച കാണാൻ എന്തു ഭംഗിയാണ് ചെറു കാറ്റിൽ പൂത്തുനിൽക്കുന്ന മരങ്ങളിൽ നിന്നും പൂക്കൾ താഴെ വീഴുമ്പോൾ പ്രകൃതിയുടെ കുളിർമ്മയാർന്ന ആ പൂക്കൾപെറുക്കാൻ നമ്മൾ എല്ലാവരും പോകാറുണ്ട്.പ്രകൃതിയുടെ വരദാനമാണ് മഴ രാത്രിമഴ എല്ലാവർക്കും ഇഷ്ടമാണ്. മഴക്കാലം ഇഷ്ടപ്പെടാത്തവർ ആരുംത്തന്നെയില്ല. നാടൻപ്രദേശങ്ങളിൽ പോകുമ്പോഴാണ്  ഹരിതഭംഗി നമ്മളാസ്വദിക്കാറുള്ളത്.വസന്തകാലത്ത് നമ്മക്കെല്ലാവർക്കും കൂടുതലിഷ്ടം പൂന്തോപ്പുകളിൽ അണ്ണാരക്കണ്ണന്മാരും തേൻക്കുരുവികളും ചിലയ്ക്കുന്നതും വളരേമനോഹരമാണ്. 'മനോഹരമായ പ്രകൃതി സ്വർഗദേവതയേപ്പോലെ വിളങ്ങുന്നു.പ്രകൃതിയേ നമ്മൾ ഒരിക്കലും നശിപ്പിക്കരുത്"




മേഘ്ന റെജി

# ഓർമ്മയുടെ നിഴൽ

എങ്ങുപോയി മറഞ്ഞു നീ നിഴലായി
വളരെ ദൂരെയാണ് നീ  ഇപ്പോൾ
എൻ കൂടെ നിൻ ഓർമ്മകൾ മാത്രം
എൻ  ആശ്വാസത്തിനായ് മാത്രം

എന്നുമെന്നുമൊരു തേങ്ങൽ
ജീവിതത്തിൻ തോഴനായി
പ്രീയമുള്ള കൂട്ടുകാരെ നീ
എന്നിൽ നിന്ന്
അകന്നുപോയോ?...



- ആഷ്ലിൻ എം.ഡാന്റി





- ശ്രുതിഗായത്രി

# പനിനീർപ്പൂവ്

പെട്ടെന്ന് തുടുത്ത പനിനീർപ്പൂവേ
മനോഹരം തന്നെ നിൻ സൃഷ്ടി
ശോഭയേറിയ ദലങ്ങളും
തൊടാനനുവദിക്കാത്തൊരാ മുള്ളുകളും
ജീവിതത്തിൽ പര്യായമാകുന്നു നിന്നെ
ജീവിതത്തിൽ നിറയും നന്മ
സൂചിപ്പിക്കും നിൻ ദലങ്ങൾ
തിൻമയോ നിൻമുള്ളുകളും നിന്നെ കണ്ടാല്
തുടിക്കാത്ത
കവിഹൃദയമുണ്ടോ
ഈരേഴുലോകങ്ങളെ പോലും
നീ തന്നെ എന്നും എൻ മനോഹരി...

- അനീന സണ്ണി



# എല്ലുമൂറിയെ പണിയെടുത്താൽ

മാരി മഴകൾ നനഞ്ഞേ-ചെറു
വയലുകളൊക്കെ നിറഞ്ഞേ,
പൂട്ടിയൊരുക്കിപ്പറഞ്ഞേ-ചെറു
ഞാറുകളെ കാട്ടിയെറിഞ്ഞേ
ഓമല,പൈന്തില, മാല-ചെറു
കണ്ണമ്മ,കാളി,കറുമ്പി
വന്നുനിരന്നവർ നിന്നേ-കെട്ടി
ഞാറെല്ലാം കെട്ടി പകുത്തേ
ഒപ്പത്തിൽ നട്ടു കരേറാ-നവർ
കുത്തിയെടുത്തു കുനിഞ്ഞേ

**- സോജിൻ സജി,എബിൻ ബാബു**

# പുഴയുടെ കണ്ണുനീർമഴ പെയ്ത് പുഴകൾ

നിറഞ്ഞൊഴുകുമ്പോൾ
മനുഷ്യർ വലിച്ചെറിയുന്ന
മാലിന്യങ്ങൾ പുഴ തന്റെ
കണ്ണുനീർ കൊണ്ടത് സ്വന്തം
ശരീരത്തിലേക്ക്  വലിച്ചെടുക്കുന്നു
ദുഷ്ടരാം മനുഷ്യർ പുഴ-
യുടെ വേദനയൊന്നുമേ -
തന്നെ മനസിലാക്കാൻ
ശ്രമിക്കാതെയുടൻ തന്നെ
മാലിന്യങ്ങൾ പുഴയിലേക്കു
തന്നെ വലിച്ചെറിയുന്നു
ഇതു മനസിലാക്കുന്ന മഴ
തന്റെ കണ്ണുനീർ എന്ന
പുഞ്ചിരി തന്റെ ഉറ്റ
സുഹൃത്തായ പുഴക്ക്
കൊടുക്കുന്നതും
പുഴ തന്റെ കണ്ണുനീർ-
കൊണ്ടത് മായ്ച്ചുകളയുന്നു
ഒരിക്കലും മാലിന്യങ്ങൾ
പുഴയിലിലേക്ക് വലിച്ചെറിയരുതേ
മനുഷ്യ  വലിച്ചെറിയരുതേ
അരുതേ മനുഷ്യ വലി-
ച്ചെറിയരുതേ   ഒരിക്കലും
പുഴതൻ  ദൈവത്തിൻ സമ്മാനമല്ലോ !!

- അനിറ്റ ഷിബു

# ഉരുളൻ കല്ലുകൾ


ദൈവത്തിൻ മനോഹര സൃഷ്ടിയാം
ഈ ഉരുളൻ കല്ലുകൾ ജീവിതകഥ
നിങ്ങൾക്കു ഞാൻ ചൊല്ലി തരാം...
നദിയകളിലൂടെ യാത്രചെയ്യുമ്പോൾ
മറ്റുകല്ലുകളായി കൂട്ടിയുരസി
അതിതീവ്ര സഹനത്തിലൂടെയാണീ
ഉരുളൻകല്ലുകൾ രൂപാന്തരപ്പെടുന്നത്
ഇതുപോലെ നാം നമ്മുടെ
ജീവിതമാം തീച്ചൂളയിൽ എരിയുവാൻ
ഒരുങ്ങുവാൻ നമ്മുടെ ജീവിതവും
ഉരുളൻകല്ലുകൾ പോലെ തിളങ്ങുന്നു.

- അഖില റെയ്സൺ

# വഴിതെറ്റുന്ന ബാല്യങ്ങൾ

സ്ഫടികം പോലെ പരിശുദ്ധമാകേണ്ട കുട്ടികളുടെ ബാല്യങ്ങിൽ ചിലയിടങ്ങളിൽ പുള്ളിക്കുത്തുകൾ വീണുതുടങ്ങിയിരിക്കുന്നു. മദ്യത്തിനും മയക്കുമരുന്നിനും കൊച്ചുകുട്ടികൾപോലും അടിമകളാകുന്നു. എന്താണ് കുട്ടികൾക്ക് സംഭവിക്കുന്നത്? ബന്ധങ്ങളും മൂല്യങ്ങളുമൊന്നും വകവെയ്ക്കാതെ തിന്മയുടെ നീരാളിപ്പെടുത്തത്തിൽ കുടുങ്ങിപോകുന്ന അവരെ രക്ഷിക്കാൻ ആർക്കാണ് കഴിയുക?കുറ്റകൃത്യങ്ങളിൽപെടുന്ന കുട്ടികളുടെ എണ്ണത്തിൽ ഓരോ വർഷവും ക്രമാതീതമായ വർധനവുണ്ടാകുന്നുണ്ട്. 2009-ൽ 677 കുട്ടികൾ ക്രിമിനൽ കേസുകളിൽ പിടിയിലായപ്പോൾ 2010-ൽ അത് 801 ആയി. കുട്ടികളുടെ ഇടയിൽ മദ്യപാനവും ലഹരിയുടെ ഉപയോഗവുമെല്ലാം മുമ്പെങ്ങും ഇല്ലാത്ത വിധം വർധിച്ചതായി വിവിധ പഠനങ്ങൾ  വ്യക്തമാക്കുന്നു
സ്ക്രൂൾ  കുട്ടികൾ പോലും മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്ന ഗൗരവമായ സ്ഥിതിയിലേക്കാണ് ഇന്ന് നീങ്ങുന്നത്. കുട്ടികൾക്കുണ്ടാവുന്ന ഏറിയ പങ്കിനും കാരണം അവർക്ക് ചുറ്റുമുള്ള സമൂഹം തന്നെയാണ്. വാർത്താവിനിമയ വിപ്ലവത്തിന്റെ ഇക്കാലത്ത്  തള്ളണത് തള്ളാനും കൊള്ളണത് കൊള്ളണത് കൊള്ളനുമുള്ള വിവേചനശക്തി ഇല്ലെങ്കിൽ തീർച്ചയായും കുട്ടികൾ പ്രശ്നങ്ങളിൽ അകപ്പെടും. കുട്ടികൾക്ക് നേർവഴികാട്ടേണ്ടത് മാതാപിതാക്കന്മാരും അധ്യാപകരുമൊക്കെയാണ്. നമ്മുടെ രാജ്യത്തിന്റെ  ഭാവിവാഗ്ദാനങ്ങളാകേണ്ട കുട്ടികളെ ബോധവൽക്കരിച്ച് ഏത് മാർഗ്ഗത്തിലൂടെയും  പണമുണ്ടാക്കണമെന്ന  ചിന്തയിൽ നിന്നും അവരെ മാറ്റിചിന്തിപ്പിക്കാൻ  കുടുംബത്തിനും അധ്യാപകർക്കും പൊതുസമൂഹത്തിനും ബാധ്യതയുണ്ട്. ഓരോ കുഞ്ഞുങ്ങളും സ്വന്തം കുഞ്ഞുങ്ങളാണന്ന് എല്ലാവരും  ചിന്തിച്ചാൽ നമ്മുടെ കുഞ്ഞുങ്ങളും രക്ഷപ്പെടും.

**ബെൻ ജേക്കബ് മനോജ്**



# നിലാവെ നിനക്കായി

ആകാശനീലിമയിലന്ത്യയാവത്തിങ്കൽ
ശോഭിച്ചു നിൽക്കുന്ന മധുചന്ദ്രനെ
ഒരു നോക്കുകാണുവാൻ -നിൻ
പ്രഭാപൂരത്തിൻ നിനവുകൾ
നെയ്യുവാൻകാത്തിരിക്കുന്നു ഞാൻ.

ഉമ്മറപടിയിലെ പൂമുഖവാതിലിൽ
എന്നും നിനക്കായിയിരിക്കുന്നു ഞാൻ
നിൻ ശോഭവിതറുന്ന പൂനിലാവിൽ
ആത്മാവിൽ നൊമ്പരപൂവിറത്തെൻ
ആശകൾ കോർത്തിണക്കുന്നു ഞാൻ

മായാതെ മറയാതെ എന്നുമെന്നുള്ളിൽ
വന്നിടുകെൻ പൂനിലാവേ
പ്രതീക്ഷയാം നിൻ നിലാവിൻ സ്വർണശോഭയിൽ
അന്ധകാരത്തിൻ യവനികക്കപ്പുറം
നിർനിവേഷയായി നിൽക്കുന്നു ഞാൻ.

നന്ദന

# പരിസരമലിനീകരണം

ആരോഗ്യം മനുഷ്യന്റെ സമ്പത്താണ്. രോഗത്തിനല്ല,രോഗം വരാതിരിക്കാനാണ് നാം ചികിൽസിക്കേണ്ടത്.വൃത്തിയില്ലായ്മയാണ് പലരോഗങ്ങൾക്കും കാരണം.പരിസ്ഥിതിയുടെ നിലനിൽപ്പിനെ സാരമായി ബാധിക്കുന്ന പലതും മനുഷ്യൻ ചെയ്ത പ്രവൃത്തികളുടെ അനന്തര ഫലങ്ങളാണ് ഇന്ന് പരിസ്ഥിതി നേരിടുന്ന ഭീഷണികൾ.വൃക്ഷങ്ങളും,പക്ഷികളും,നദികളും,പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രധാന ഘടകങ്ങളാണ് ഘടകങ്ങളാണ്.ജീവരാശികൾക്കാവശ്യമായ പ്രാണവായു ലഭിക്കുന്നതിന് വൃക്ഷങ്ങളാവശ്യമാണ്.സ്വാർത്ഥമോഹിയായ മനുഷ്യൻ പ്രകൃതിയിലെ വന്മരങ്ങളെല്ലാം വെട്ടിനശിപ്പിച്ചു.വെട്ടിനശിപ്പിക്കുന്നവയ്ക്ക് പകരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനവർ തയാറായില്ല. വന പ്രദേശത്ത്  ഇതുകൊണ്ട് മൊട്ടക്കുന്നുകളാകാൻ കാരണമായി. വൃക്ഷനാശം മണ്ണൊലിപ്പിനും മണ്ണിന്റെ വളക്കൂറു നഷ്ട്ടപെടുന്നതിനും ഇടയാക്കി.ജീവനെ നിലനിർത്തുന്നതിന് ജന്തുക്കൾക്കും,പക്ഷികൾക്കും,സസ്യങ്ങൾക്കും ശുദ്ധജലമാവശ്യമാണ്.വൃക്ഷനശീകരണത്തോടെ പുഴകൾ വറ്റിവരണ്ടു.ശുദ്ധജല ദൗർലഭ്യം ഉണ്ടായി.

ജലമലിനീകരണത്തിന് പലകാരണങ്ങളുണ്ട്.വൃക്ഷനാശം ഒന്നാമത്തെ കാരണം.രാസവളപ്രയോഗവും കീടനാശിനികളുടെ പ്രയോഗവും ജലമലിനീകരണത്തിന് ഇടയാക്കി.തൽഫലമായി ജലജീവികളും സസ്യങ്ങളും

നശിപ്പിക്കാനിടയായി.പുഴയിലെ മലിനജലം ഭീകരമായ പല രോഗങ്ങൾക്കും കാരണമായി.

വായുമലിനീകരണം ഇന്ന് ഏറ്റവും ആപൽക്കരമായ ഘട്ടത്തിലേക്കെത്തിക്കുന്നു.വൃക്ഷങ്ങളുടെയും മറ്റ് സസ്യങ്ങളുടെയും അഭാവം വായു ശുദ്ധീകരണത്തിന് വിഘാതമായി തീർന്നിരിക്കുന്നു.ലക്ഷോപലക്ഷം വാഹനങ്ങളിൽ നിന്നുയരുന്ന പുക പടലങ്ങളും അന്തരീക്ഷവായുവിനെ കൂടുതൽ മലിനപ്പെടുത്തുന്നു.മനുഷ്യൻ അശ്രദ്ധയോടെ വലിച്ചെറിയുന്ന ചപ്പുചവറുകളും മറ്റ് പാഴ്വസ്തുക്കളും പ്രകൃതി നശീകരണത്തിനു ഇടയാക്കുന്നു.പ്ലാസ്റ്റിക്കിന്റെ ഉപയോഗം പ്രകൃതി നേരിടുന്ന ഒരു വലിയ ഭീഷണിയാണ്.ഇന്ന് സർവ്വസാധാരണമായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉപകരണങ്ങൾ ഉപയോഗശൂന്യമായി കഴിയുമ്പോൾ നമ്മുടെ ചുറ്റുപാടും നാം വലിച്ചെറിയുന്നു.ഇത് മണ്ണിന്റെ ഫലഭൂയിഷ്ഠത നശിപ്പിക്കുക മാത്രമല്ല സസ്യജാലങ്ങൾക്ക് വളരാനുള്ള സാധ്യതകൂടി ഇല്ലാതാക്കുന്നു.വെള്ളത്തിൽ വീഴുന്ന പ്ലാസ്റ്റിക്കുപകരണങ്ങൾ വെള്ളത്തിൽ പൊങ്ങിക്കിടന്ന് ജലശുദ്ധീകരണത്തിന്റെ സകല സാധ്യതകളും



ഇല്ലാതാക്കുന്നു.ഇത് കുടിക്കുന്ന മനുഷ്യനും മറ്റ് ജീവികളും രോഗം ബാധിച്ച് തീരാദുഃഖങ്ങൾക്കിരയാകുന്നു.



ശ്രേയ ജിജോ -

# ചങ്ങാതി

ഓരോ കാഴ്ചയും
ഓരോ ഓർമ്മയാകുന്നു
അപ്രതീക്ഷങ്ങൾടെ
ഒരു നട്ടുച്ചയിൽ
മിന്നാരങ്ങുടെ
തണലിൽവെച്ച്
കൊഴിഞ്ഞുവീണ
കൊന്നപ്പൂക്കളിൽ
എന്നിക്കെന്റെ
ചങ്ങാതിയെ കിട്ടുന്നു
ഞാരെന്നോ
നീയാരെന്നോ
ചോദിക്കാതെ
സൗഹൃദത്താൽ
കരൾ നിറഞ്ഞ്
വീണ്ടും കാണമെന്ന്
സുനിശ്ചിതത്വത്തിന്റെ
പുൽത്തകിടി വിട്ടിറങ്ങുന്നു.....



നന്ദന -

# ജംഗിൾ രാജ്


പ്രളയത്തിൽ ഒറ്റപ്പെട്ട് വിശന്ന
വലയുന്ന നിനക്ക്
സഹായമെത്തിക്കാൻ രാജാവ്
അയച്ചതാ എന്നെ
പക്ഷെ എനിക്ക്
എത്ര ആലോചിച്ചിട്ടും
പിടി കിട്ടാത്ത ഒരു കാര്യം .......
ഒന്നും തന്നു വിടാതെ
എന്നെ ഇങ്ങോട്ട്
അയച്ചത് എന്തിനാണെന്നാ ......!

**- അലോഷ്**




- അനു മോൾ ഷാജി

# ജീവിതം അനന്തമായ യാത്ര

ജീവിതം അനന്തമായൊരു യാത്ര
എങ്ങോട്ടെന്നില്ലാത്ത യാത്ര
പൂവിന്റെ മധു നുകരാനെത്തുന്ന
ശലഭറാണിയെപോലെ എങ്ങോട്ടെന്നില്ലാതെ
യാത്ര
സംഗീതത്തിന്റെ അനുപമലഹരിയിൽ
മുഴുകി വീണൊരു സഹൃദയന്റെ
മനസ് പോലൊരു യാത്ര
താരക റാണികൾ തൻ പ്രകാശ രശ്മികൾ
ഭൂമി ദേവിതൻ നെറുകയിൽ പതിക്കുന്നതിനായി
സഞ്ചരിക്കുന്നതിനോട് സാദൃശ്യം
എത്ര ദൂരങ്ങൾ നാം കടന്നുപോകണം
സ്നേഹത്തിൻ മഹാ സാഗരത്തിൽ
മുങ്ങിനിവർന്ന് യാത്ര ചെയ്യുവാൻ
എന്നെനിക് സാധ്യമാകും

നന്ദന ജോസഫ്

# ആരും ആശ്രയമില്ലാത്തവർ

ആരുമില്ലാതെ ആരോരുമില്ലാതെ  അനാഥരായി
വഴി വിളക്കുതൻ  ചുവട്ടിൽ
ഒതുങ്ങി കിടക്കുന്നവർ  തൻ

ജീവിതം കണ്ടിട്ടും കണ്ടില്ലന്ന്  നടിക്കുന്ന നാം
അവർ താൻ കണ്ണീരിലാണ്ടവർ കിടക്കവേ
ആ കണ്ണീരിൽ ചവിട്ടി അതില്ലേ
അനാഥരായി കടന്നുപോയിടുന്നു

അകകണ്ണില്ലാത്തവർ ചില്ലർ
കഷ്ടമേ രാത്രിയിൽ പുതപ്പിൻ
സുഖം പോലും ലഭിക്കാത്തവർ  ഇവർ
കൈകൾ മാറോട്  ചേർത്തണ്ച്ചു

ഇവർ പൊരുത്തിടുന്നു
തണുപ്പിനെ മാറ്റി നിർത്തിടുവിൻ എന്ന്
ഇവർ തൻ ജീവിതം  സമൃദ്ധിതൻ
പുതുമെത്തയിൽ കിടക്കുമിവർ

ഇതെല്ലം കണ്ടിട്ടും കണ്ടില്ലാത്ത മട്ടിൽ
നടന്നു നീങ്ങിടുന്നു നാം

- ടോണി മാത്യു

# അമ്മയാം പ്രകൃതി

കിഴക്ക് സ്വർണ്ണകിരണങ്ങളാൽ ഉദയസൂര്യൻ
വാഴ്ത്തുന്നു തൻ പ്രിയ സൃഷ്ടാവിനെ.......
കുമ്പിട്ടു നിന്നൊരാ പൂമൊട്ടുകൾ ഒന്നാകെ
വിരിഞ്ഞു പൊങ്ങുന്നു പൊൻ സുഗന്ധമായി

പുല്ലിൻ നാമ്പിലുള്ളൊരു തുഷാരം
മന്ദം മന്ദം ഒന്ന് പാളി നോക്കി........
രക്തഭൂഷിതയം തൻ പ്രകൃതിയമ്മതൻ
സൗന്ദര്യം മതിമറന്നവൾ ഉറ്റുനോക്കി

ഹൃദയമാം നിൻ പൊൻ മാറിൽ....!
ചായുന്നു ഞാൻ ഒരു പുഞ്ചിരിയായി
എന്തിനു വധിക്കണാമാ അമ്മയെ.....
മായാത്ത ദീപമാണവൾ എന്നും....

പ്രകൃതിയമ്മതൻ സ്പന്ദനച്ചൂടിൽ....
മയങ്ങി ഞാൻ അങ്ങു വഴുതിവീണു
കണ്ടു ഞാൻ കിനാവിൽ ആ കണ്ണീർ
തളം കെട്ടിയൊഴുകുന്നയെൻ അമ്മയെ

മായാതെ മനസ്സിന്റെ ഭിത്തിയിൽ പതിഞ്ഞ
ആ ചിത്രം ഞാനിതാ വരക്കുന്നു.....
ഞാനെന്തു പാടും എൻ പ്രിയ സഖി.....

- ജൈയ്സ് ജോസഫ്




- ശ്രുതിഗായത്രി

# വായനാദിനം

പി .എൻ പണിക്കരുടെ ചരമദിനം ആയാണ് നാം വായനാദിനം ആചരിക്കുന്നത് .ജൂൺ വായനാദിനം വായനാശീലം നമ്മെ ഉയർന്നവരാക്കുന്നു .

*"വായിച്ചാലും വളരും വായിച്ചില്ലേലും വളരും*
*വായിക്കാതെ വളർന്നാൽ വളയും ,*
*വായിക്കാതെ വളർന്നാൽ വിളയും "*

എന്ന കുഞ്ഞുണ്ണി മാഷിന്റെ വാക്ക് മലയാളികളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു .മലയാളികളുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന മഹത്വം ഉളവാക്കുന്ന വാക്കാണ് മലയാളം .വായനാശീലം നമ്മെ ഉയർന്ന തലങ്ങളിൽ എത്തിക്കുന്നു .വായനയിലൂടെ നാം ഈ പ്രപഞ്ചത്തെ കുറിച്ചും ,പ്രപഞ്ചത്തിൽ ഉണ്ടായിരുന്നതും ,മണ്ണടിഞ്ഞതും ആയ മഹത്‌വ്യക്തികളെക്കുറിച്ച അറിയാൻ സഹായിക്കുന്നു .ഇന്ന് കുട്ടികളിൽ കുറഞ്ഞുവരുന്ന ഒരു സ്വഭാവമാണ് വായനാശീലം .ഇന്ന് ഓരോരുത്തരും അവരിൽ ഉളവാക്കേണ്ട ഒന്നാണ് വായന .വായിക്കുന്നതിലൂടെ നാം ഈ സമൂഹത്തിൽ തന്നെ ഉത്തമ മാതൃകയാവുന്നു .നാം വായിച്ചാൽ പോരാ മറ്റുള്ളവരെ വായിക്കാൻ പ്രോത്സാഹിക്കുകയും വേണം .ഇന്ന് മണ്ണടിഞ്ഞു പോവുന്ന വായനാശീലത്തെ നാം ഇരുകൈയ്യോടെ സ്വീകരിച്ച നട്ടു വളർത്തണം . അതിനു വളമാകണം നമ്മുടെ അറിവ് .അതിന്റെ ദാഹമാറ്റത്തിനുള്ള ജലം ആകണം നമ്മുടെ നല്ല വാക്കുകൾ .നമ്മുടെ ഹൃദയത്തിൽ എന്നും വായനാശീലം നിലനിൽക്കണം .വായനയിലൂടെ നമ്മുടെ വാക്കുകൾക്ക് ഭാഗികുടുകയും മറ്റുള്ളവരോടുള്ള പെരുമാറ്റം നല്ലതാവാനും ഫോണിൽനിന്നുള്ള വലയത്തിലുള്ള രക്ഷനേടാനും നമമുടെ വാക്കുകൾക്ക് ഭംഗികൂട്ടുകയും ചെയ്യുന്നു.ചെറിടൊരു ഇടവേളകിട്ടിയാൽ നാം ടി.വി കാണാനും ഫോണിൽ പണിയാനും പോകുന്നു.ആ സമയത്ത് വായിക്കാൻ ആരും ആരും ആഗ്രഹിക്കുന്നില്ല . മനുഷ്യർ വായിക്കാൻ സമയം കണ്ടെത്തണം.വായന വളരെ വിലയേറിയതാണ് .പുസ്തകങ്ങളുടെ മാഹാത്മ്യം എല്ലാവരും മസസ്സിലാക്കി പുസ്തകങ്ങളെ തന്റെ സുഹൃത്തുക്കളാക്കി മാറ്റണം. സമൂഹത്തിലെ എല്ലാവരും മസസ്സിലുറച്ച് പ്രതിഞ്ജയെടുക്കണം നമ്മുളുടെ ഓരോ നിമിഷവും വായനയിലൂടെയാവണെം എന്ന്...

ഹരിതകൃഷ്ണൻ



# ശിശുദിനം

നമ്മുടെ പ്രിയപ്പെട്ട ജവാഹർലാൽ നെഹ്രുവിന്റെ ജന്മദിനമാണ് നമ്മൾ ശിശുദിനമായി ആചരിക്കുന്നത്,കുട്ടികളോടുള്ള അദ്ദേഹത്തിന്റെ സ്നേഹംകൊണ്ടാണ് ജന്മദിനം ശിശുദിനമായി ആചരിക്കുന്നത്.അദ്ദേഹത്തിന്റെ വേഷം എല്ലാവരെയും വിസ്മയിപ്പിച്ചിരുന്നു.കാരണം അദ്ദേഹത്തിന്റെ കോട്ടിനുമുന്പിൽ കാണപ്പെട്ടിരുന്ന വലിയ റോസാപ്പൂവ് തന്നെ.ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോയ അദ്ദേഹത്തോട് ഒരു ബാലനാണ് ഇങ്ങനെ നിർദ്ദേശിച്ചത്.ആ ബാലന്റെ നിർദ്ദേശം അദ്ദേഹം മരണംവരെ പിന്തുടർന്ന് എന്നതും വിസ്മയകരമാണ്.അദ്ദേഹത്തിന് കുട്ടികളോട് ഇത്രയും അധികം സ്നേഹം ഉള്ളത് അദ്ദേഹത്തിന്റെ ബാല്യകാലത്തെ സ്മരണകൊണ്ടാണ് അദ്ദേഹത്തിന്റെ ബാല്യത്തിൽ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുവാൻ മടിച്ചിരുന്നു.അതിൽനിന്നും രക്ഷ നേടി പഠിച്ച വ്യക്തിയാണ് ജവാഹർലാൽ നെഹ്റു. ഈ അവസ്ഥ തന്റെ പ്രിയപ്പെട്ട കുട്ടികൾക്ക് വരരുത് എന്ന് അദ്ദേഹം ആഗ്രഹിച്ചു. ഇതുകൊണ്ടുതന്നെയാണ് അദ്ദേഹം കുട്ടികളെ സ്നേഹിക്കുകയും അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്തത്.കുട്ടികളെ ഇത്രയും അധികം സ്നേഹിക്കുന്ന ഒരു വ്യക്തി ഇല്ലായെന്ന് നമുക്ക് പറയാം.ജവാഹർലാൽ നെഹ്റു ഈ കുട്ടികളെപ്പോലെ തന്നെ സ്നേഹിക്കുന്ന ഒരു വ്യക്തി കൂടിയുണ്ട്. അതാണ് അദ്ദേഹത്തിന്റെ മകൾ.ജീവിതം ജയിലിൽ തീരുമോ എന്ന് പേടിച്ച് മകൾക്കു മുൻപിൽ അവളുടെ ജന്മദിനത്തിൽ ഒരു കത്ത് വന്നു.ആ കത്ത് അവളുടെ ജീവിതം മാറ്റിമറിച്ചു. അച്ഛന്റെ വാക്കുകൾ അത്രയും ശക്തി ഉള്ളതായിരുന്നു.

എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾ നമ്മുടെ കുട്ടികളുടെ നൊമ്പരങ്ങൾ മനസിലാക്കണം.അവരുടെ അഭിപ്രായങ്ങളെ കേൾക്കണം.ഇതിനെല്ലാം മടിക്കുമ്പോൾ ഓർക്കുക നമ്മുടെ ജവാഹർലാൽ നെഹ്റുവിനെക്കുറിച്ച് ...അദ്ദേഹം ബാലികാബാലകന്മാരെ സ്നേഹിച്ചു.ഒപ്പം തന്റെ പ്രിയപ്പെട്ട മകളെയും.അവരുടെ നൊമ്പരങ്ങൾ അറിഞ്ഞു അവർക്കുവേണ്ടി പ്രവൃത്തിച്ചു.ഇത് ഓർത്തെങ്കിലും കുട്ടികൾക്കുവേണ്ടി സമയം വെക്കാൻ ശ്രമിക്കു.....



ഗൗരി നന്ദന ബിജു

# NATURE

Nature the art of the creator
The divine touch made its great
The softest the hardest
The loveliest and the marvellous

The shining waves just coming
The rainy drops falling down
The dew drops decorating the leaves
Oh, what a captivating scene

The mountains the landscape
The heights and the depths
The blue sky and the green ocean
The stunning art of the god

It inspires us, it south us
It calms us and delight us
It teach us, it nurtures us
yes its the true gift of god

*Jessel jijin*

# <u>പരിസ്ഥിതി സംരക്ഷണം</u>

'ജനിച്ചനാടും  വളർന്നമണ്ണും സംരക്ഷിക്കേണ്ടത് നമ്മുളടെകടമയാണ്.'
പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷികമാണ്.
മരങ്ങൾ മുറിക്കുന്നതും പാറപൊട്ടിക്കുകുന്നതും പ്ലാസ്റ്റിക്കത്തിക്കുന്നതും പരിസ്ഥിതിടെ ദോഷകരമായി ബാധിക്കുന്നു.മഴ സമയത്ത് ലഭിക്കാതെവരുന്നതും വന്നാൽ അത് കലുഷമാവുന്നതിനും പിന്നനിലെ പ്രധാന കാരണം ഇതുതന്നെ. പ്രകൃതിയെ വരുതലമുറയ്ക്കായി സംരക്ഷിക്കേണ്ട ചുമതല നമ്മളോരോരുത്തർക്കുമുണ്ട്,ഇചിന്തയുള്ള നല്ലവരായ പ്രകൃതിസ്നേഹികളാവാൻ നമ്മളോരോരുത്തർക്കും കഴിയട്ടെ

<u>"പ്രകൃതി അമ്മയാണ് അതിനെ നശിപ്പിക്കരുത്".</u>

*- അഖില പി.എ*



# മാതൃഭാഷാമൃതം

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്യനു പെറ്റമ്മ തൻഭാഷതൻ"

മാതൃഭാഷ പെറ്റമ്മയ്ക്കു തുല്യമാണെന്ന് മഹാകവി വള്ളത്തോളിന്റെ ഈ വരികൾ മാതൃഭാഷയുടെ പ്രധാന്യം നമുക്ക്മനസ്സിലാക്കിത്തരുന്നു.ഒരു പിഞ്ചുകുഞ്ഞ് ആദ്യം നുകരുന്ന അമ്മിഞ്ഞപ്പാലിന്റെ മാധുര്യത്തോടെ ആദ്യം ഉച്ചരിച്ച ഭാഷയാണ് മാതൃഭാഷ. അതിന്റെ മഹത്വം പറഞ്ഞറിയിക്കാനാവില്ല.മനുഷ്യ മനസ്സിലെ ആശയങ്ങൾ സ്വഭാഷയിലാണ് ഏറ്റവും നന്നായി ആവിഷ്കരിക്കാനാവുന്നത്.

എന്നാൽ നമ്മുടെ മാതൃഭാഷയായയ മലയാളത്തിന്റെ ഇന്നത്തെ അവസ്ഥ ഭാഷാസ്നേഹികളായ തന്നെ ലജ്ജിപ്പിക്കുന്നതാണ്. സാംസ്കാരികവും ഉന്നതവിദ്യാഭ്യാസപരവുമായ എല്ല മേഖലകളിലും നമ്മുടെ മാതൃഭാഷ അവഗണിക്കപ്പെടുന്നു.ഒരു ഭാഷ അവഗണിക്കപ്പെടുമ്പോൾ ഒരു ജനതയുടെ ഭാഷാസ്നേഹവും ഒരു സംസ്കാരവുമാണ് അവഗണിക്കപ്പെടുന്നത്.

അമ്മയേയും മാതൃഭൂമിയേയും സമമായിക്കാണുന്നു എന്നൂറ്റംകൊള്ളുന്ന നാം അതിലേറെ അഭിമാനിക്കണം മലയാളം നമ്മുടെ മാതൃഭാഷയായതിനാൽ.

വള്ളത്തോളും,എഴുത്തച്ഛനും,ചങ്ങമ്പുഴയും,ബഷീറുമെല്ലാം നിരവതി കൃതികൾ നമുക്ക് സമ്മാനിച്ച് അനശ്വരമാക്കിയ മലയാളഭാഷയുടെ സൗന്ദര്യം വാക്കുകളാൽ വർണ്ണിക്കാനാവുന്നതല്ല. മലയാളനാടിന്റെ എല്ലാ ദിക്കിലും ഉയർന്നുകേൾക്കുന്ന മലയാളഭാഷയുടെ മഹത്വത്തെ ഇന്നുപലരും മനസ്സിലാക്കുന്നില്ല.

മലയാളികളായി ജനിച്ചതും നമ്മുടെ മാതൃഭാഷയുടെ വീര്യം ഉൾക്കൊള്ളുന്‍ കഴിഞ്ഞതും നമ്മുടെ ജന്മജന്മാന്തര പുണ്യമാണ്



\- അനീറ്റമോൾ വർഗീസ്

# WAKE UP THE WORLD

Wake up the world
Why this world so cruel on women
whether she just taken us an object
To tear to beast, to throw like a waste
Wake up the world

Without 'she' you are lost
She is your mother, sister me be
Your life partner and
she gives colour to your life
Like a candle she burned
for the family But alas...
...the most neglected
And an abandoned
Wake up the world!

Women hood is torn in the street
Whether a toddler, girl or a women
That doesn't matter these days
She is sold like an object
To satisfy the hunger of women

Wake up the world
Wake up from sleep
Raise your voice and stretch your hands
Build a wall of protection for her
Wake up the world

*- jessel jijin*

# എന്റെ വിദ്യാലയം

ഇവിടെ എന്റെ ലോകം തുടങ്ങുന്നു.സൂര്യനും ചന്ദ്രനും എത്തിപ്പെടാൻ സാധിക്കാത്ത ലോകം.ഇതാണ് എന്റെ വിദ്യാലയം പാഠപുസ്തകങ്ങളുടെയും അറിവിന്റെയും ലോകത്ത് അക്ഷരങ്ങളെ കോർത്തിണക്കുന്ന കുട്ടികളും അവർക്ക് ആ പാത തെളിക്കുന്ന അദ്ധ്യാപകരുംവാകപ്പൂവിന്റെ ഗന്ധം വിട്ടുമാറാത്താഇടനാഴികൾ എന്റെ ക്ലാസ്സുമുറികളിലേക്ക് കാറ്റിന്റെ പ്രഭാവം കൂട്ടികൊണ്ടുവരുന്ന  ഞാവൽ മരങ്ങൾ .ഞാൻ ഒരുപാട് സ്നേഹിച്ച് പ്രണയിച്ച ഞാവൽ മരം കണ്ണെത്തും ദൂരത്താണ് . വസന്തകാലത്ത് ധാരാളം ഫലങ്ങൾ അതിൽ നിറയും. പഴുത്തു നിൽക്കുന്ന ഞാവൽ മരത്തിന്റെ ചില്ലകളിൽ കിളികളുടെ ഉൽസവമാണ്...

വിദ്യാലയ ദിനങ്ങളാണ് നമ്മുടെ ജീവിതത്തിലെ പ്രാധാന്യവും സന്തോഷങ്ങളും നിറഞ്ഞ ദിനങ്ങൾ.



- ജൂബിറ്റ്

# വേല കയ്യിലിരിക്കട്ടെ

ഒരു വലിയ കമ്പനിയിൽ ജോലിക്കുള്ള ഇന്റർവ്യൂവിന് ചെന്നതാണ് കുട്ടായി.
"നിങ്ങൾ നാലുമീറ്റർ വീതിയും പത്ത് മീറ്റർ ഉയരവുമുള്ള ഒരു തീവണ്ടിമുറിയിൽ ഇരിക്കുകയാണെന്നു കരുതുക, പെട്ടെന്ന് കംബാർട്ട്മെന്റിനകത് ചൂടുകൂടുന്നു. നിങ്ങൾ എന്ത് ചെയ്യും?"
ഇന്റർവ്യൂ ചെയ്യുന്ന ആൾ ചോദിച്ചു.
കുട്ടായി പറഞ്ഞു:"ജനാല തുറന്നിടും സാർ.......
ഉടൻ വന്നു അടുത്ത ചോദ്യം:"ജനാലയ്ക്ക് രണ്ടടി വീതിയും നീളവുമുണ്ട്.തീവണ്ടി നൂറു കിലോമീറ്റര് വേഗത്തിൽ പോകുന്നു.എത്ര സമയമെടുക്കും ആ മുറി ഒന്ന് തുറന്നുകിട്ടാൻ?"
കുഴപ്പം പിടിച്ച കണക്ക് കേട്ട് കുട്ടായി പരുങ്ങി.എന്നിട്ട് തലയും കുനിച്ചു തിരിഞ്ഞു നടന്നു.അടുത്തതായി കയറേണ്ട പപ്പുവിനോട് അകത്തുനടന്നതു മുഴുവൻ കുട്ടായി പറഞ്ഞു.
പപ്പുവിന്റെ ഊഴമായി.
കുട്ടായിയോട് ചോദിച്ച അതെ ചോദ്യംതന്നെ പപ്പുവിനോടും ചോദിച്ചു.ഉടൻ വന്നു പപ്പുവിന്റെ മറുപടി:" കംപാർട്മെന്റിൽ ചൂടുകൂടിയാൽ ഞാൻ എന്റെ ഷർട്ട് അഴിച്ചിടും സാർ....."
അപ്പോൾ ഇന്റർവ്യൂ ചെയ്യുന്ന ആൾ ചോദിച്ചു?"വീണ്ടും ചൂട് കൂടിയാൽ?"
പപ്പു:"ഞാൻ എന്റെ ബനിയനും അഴിക്കും..."
ഉടൻ വന്ന ചോദ്യം:"വീണ്ടും കൂടിയാൽ
സഹികെട്ട പപ്പു പറഞ്ഞു:"വേല കയ്യിലിരിക്കട്ടെ,എന്നെ തല്ലിക്കൊന്നാലും ഞാൻ തീവണ്ടിയുടെ ജനൽ തുറക്കില്ല സാറെ...

.അലോഷ് .എ.എസ് -

# നമ്മുടെ സ്‌കൂൾ  നമ്മുടെ നാട്

ഈ ഭൂമിയും ഇതില്ലേ മണ്ണും ജലവും മൃഗങ്ങളും സസ്യങ്ങളും നമ്മുടേതു മാത്രമാണെന്ന് ചില്ലർ തെറ്റിദ്ധരിച്ചിരിക്കുന്നു . പക്ഷെ ഒന്നോർക്കണം നമ്മുടേത് മാത്രമായി ഒന്നുമില്ല . ഒത്തൊരുമയുള്ള ജീവിതം അല്ലാതെ മറ്റൊന്നെ  നമ്മുക്ക്  ചിന്തിക്കാൻ പോലും വയ്യ . ചില സ്കൂളുകളിൽ പുതിയൊരു പഠനരീതി ആവിഷ്കരിച്ച വിവരം കൂട്ടുകാർ ഇതിനകം അറിഞ്ഞിരിക്കുമല്ലോ .പരിസരത്തില്ലേ ജല ലഭ്യത , വള്ളിച്ചെടികൾ , ഔഷധസസ്യങ്ങൾ , ഫല വൃക്ഷങ്ങൾ അവയുടെ വൈവിധ്യം എന്നിവയെക്കുറിച്ചു പഠിക്കാനും അവ കാത്തു സൂക്ഷിക്കാനും ഉതകുന്ന പ്രകൃത്തി സ്നേഹം കുട്ടികളിൽ വളർത്തുകയാണ് ഇതിന്റെ ലക്‌ഷ്യം . ഒരു കാലത്ത് നമ്മുടെ തൊടികളിലുണ്ടായിരുന്ന
തകരയും തുമ്പയും കുറുന്തോട്ടിയും ഇന്ന് എവിടെയാണ് ? കുറുന്തോട്ടിക്കും  വാതമോ എന്ന് ചിലർ ദുഖത്തോടെ ചോദിക്കുന്നു . വാതം മാത്രമല്ല എല്ലാത്തരം ആയുർവേദ ഔഷധങ്ങൾക്കും അത്യാവിശ്യമായ ആ സസ്യം തുമ്പാമുനകൊണ്ട് വേരറ്റ് മരണമടഞ്ഞിട്ട് വളരെ നാളായി  . നമ്മുക്ക് നമ്മുടെ സുന്ദര പ്രകൃതിയെ തിരിച്ച് കൊണ്ടുവരാം

- ആൻ മരിയ ജെയ്‌സൺ






ആൻമരിയ ജൈയ്സൺ

# ജീവിതം അനന്തമായ യാത്ര

ജീവിതം അനന്തമായൊരു യാത്ര
എങ്ങോട്ടെന്നില്ലാത്ത യാത്ര
പൂവിന്റെ മധു നുകരാനെത്തുന്ന
ശലഭറാണിയെപോലെ
എങ്ങോട്ടെന്നില്ലാതെ യാത്ര
സംഗീതത്തിന്റെ അനുപമലഹരിയിൽ
മുഴുകി വീണൊരു സഹൃദയന്റെ
മനസ് പോലൊരു യാത്ര
താരക റാണികൾ തൻ പ്രകാശ രശ്മികൾ
ഭൂമി ദേവിതൻ നെറുകയിൽ
പതിക്കുന്നതിനായി
സഞ്ചരിക്കുന്നതിനോട് സാദൃശ്യം
എത്ര ദൂരങ്ങൾ നാം കടന്നുപോകണം
സ്നേഹത്തിൻ മഹാ സാഗരത്തിൽ
മുങ്ങിനിവർന്ന് യാത്ര ചെയ്യുവാൻ
എന്നെനിക് സാധ്യമാകും

- നന്ദന ജോസഫ്


Thank you